SUB-INSPECTOR'S POST—QUALIFICATIONS FOR

330. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) പോലീസ്സ് സബ്ബ് ഇൻസ്പെക്ടർ ഉദ്യോഗത്തിനു് ആവശ്യമായ Minimum Literary qualification എന്താണു്;

(ബി) ഈ പരിക്ഷായോഗ്യതയില്ലാത്തവരെ അതിൽനിന്നും (From literary minimum qualification) ഒഴിവാക്കി ഇൻസ്പെക്ടർമാരായി ഉയത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെയെല്ലാം; അവർ എത്ര കൊല്ലംവീതം കോൺസ്റ്റബിൾമാരായും ഹെഡ് കോൺസ്റ്റബിൾമാരായും ജോലി നോക്കിയിട്ടുള്ളവരാണു്;

(സി) ഇരുപതോ അതിൽക്കൂടുതലോ കൊല്ലം ഹെഡ് കോൺസ്റ്റബിളായിരുന്നു ജോലി നോക്കിയിട്ടും ഇൻസ്പെക്ടരായി പ്രമോഷൻ കിട്ടാതെയുള്ളവർ ഇപ്പോൾ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; ഏതേതു സമുദായങ്ങളിൽ പെട്ടവർ;

(ഡി) ഇങ്ങിനെയുള്ളവർ ഉദ്യോഗത്തിനു് പ്രാപ്തരല്ലായ്കയാലാണോ അവക്കു് പ്രമോഷൻ കിട്ടാതിരുന്നിട്ടുള്ളതു്; അല്ലെങ്കിൽ മറ്റു വല്ല കാരണവുമുണ്ടോ;

(ഇ) പോലീസ്സ് ഡിപ്പാർട്ടുമെണ്ടിൽ പ്രമോഷനു് പരീക്ഷായോഗ്യതയെക്കാൾ ആവശ്യം പ്രാപ്തിയാണു് എന്ന ഒരു കല്പന നിലവിലില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) സബ്ബ് ഇൻസ്പെക്ടറായി നേരിട്ടു റിക്രൂട്ടു ചെയ്യുന്നതിനു് ബി. എ. യും ഉയത്തുന്നതിനു് സ്സ്രീംഫൈനലും കുറഞ്ഞ പരീക്ഷായോഗ്യതയായി ആവശ്യമാണു്.

(ബി) ഉവ്വു്. ൪൩ വ-ാംനമ്പർ ഹെഡ്കോൺസ്റ്റബിൾ നാരായണമേനോൻ ൨-ൽ കൂടുതൽ കൊല്ലം കോൺസ്റ്റബിളായും ൨൭-ൽ മീതെ കൊല്ലങ്ങളും ഹെഡ്കോൺസ്റ്റബിളായും ജോലി നോക്കിയിട്ടുണ്ടു്.

(സി) ഉവ്വു്. അഞ്ചുപേർ. ജാതി തിരിച്ചു പട്ടിക താഴെ ചേർക്കുന്നു.

നായന്മാർ	൨.
റോമോ സിറിയൻ	൧.
ജാക്കോബൈറ്റ്	൧.
ഈഴവൻ	൧.

(ഡി) പരീക്ഷായോഗ്യത ഇല്ലായ്മയെ അവഗണിച്ചു് ഉയത്തുവാൻ തക്ക പ്രാപ്തിയില്ലാത്തവരായതുകൊണ്ടു്.

(ഇ) ഉവ്വു്.

REGISTRY OFFICES—PAY OF HEAD CLERKS

331. മിസ്റ്റർ എം. കെ. യൂസ്സീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ദയവായി മറുപടിപറയുമോ.—

(എ) റജിസ്ട്രാപ്പീസുകളിലെ ഹെഡ്ക്ലാർക്കുമാരുടെ ശമ്പളഗ്രെയിഡ് എന്താണു്;

(ബി) കൊടുങ്ങല്ലൂർ റജിസ്ട്രാപ്പീസിലെ ഹെഡ്ക്ലാർക്കിന്റെ ശമ്പളഗ്രെയിഡ് എന്താണു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) എറണാകുളം, തൃശ്ശിവപേരൂർ ഈ ആപ്പീസുകളിൽ ൩൦ക. മുതൽ ൫൦ക. വരെയും ബാക്കി ൨൩ ആപ്പീസുകളിൽ ൪൦ക. മുതൽ ൩൦ക. വരെയും.

(ബി) ൨൫ക. മുതൽ ൪൦ക. വരെ.

HONORARY DOCTORS

332. Dr. S. S. Rao *(Nominated)*: Will Government be pleased to state.—

(*a*) whether the number of years service put in by honorary medical officers is taken into account, when they are appointed to the paid cadre;

(*b*) if not, why?

Mr. C. J. Mathew *(Secretary to Government)*:

(*a*) No.

LIBRARY ARCHIVES Kerala Legislative Assembly